കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി - എ.ഡി.എസ് 2016-17 - കല്യാശ്ശേരി നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി - പ്രോജക്ട് ഐ.ഡി. 1666 പഴയങ്ങാടി ബസ് സ്റ്റാന്റിന്റെ തകർന്ന ടാറിംഗ് മാറ്റി കോൺക്രീറ്റ് ചെയ്യൽ - ഏഴോം ഗ്രാമപഞ്ചായത്ത് - ഭരണാനുമതി - ഭേദഗതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.3181 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 28.09.2017

---

വായന:- (1) ജി.ഒ.(സാധാ.)നം..2368/17/ത.സ്വ.ഭ.വ. തീയതി 12/07/2017

(2) ശ്രീ.ടി.വി.രാജേഷ് എം.എൽ.എയുടെ 20.07.17 ലെ കത്ത്

**ഉത്തരവ്**

കല്യാശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ടി.വി.രാജേഷ് എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും പ്രോജക്ട് ഐ.ഡി. 1666 പഴയങ്ങാടി ബസ് സ്റ്റാന്റിന്റെ തകർന്ന ടാറിംഗ് മാറ്റി കോൺക്രീറ്റ് ചെയ്യൽ - ഏഴോം ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 135 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ (ഒരു കോടി രൂപ മാത്രം) അനുവദിച്ചുകൊണ്ടും അധികമായി വേണ്ടിവരുന്ന 35 ലക്ഷം രൂപ (35,00,000 രൂപ മാത്രം) പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിലെ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും വകയിരുത്താവുന്നതാണെന്ന വ്യവസ്ഥയിലും ഭരണാനുമതി നൽകി മുകളിൽ ഒന്നാമതായി വായിച്ചതു പ്രകാരം ഉത്തരവായിരുന്നു.

ടി പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടത് 135 ലക്ഷം രൂപയുടേതായതിനാൽ ഭരണാനുമതി 135 ലക്ഷം രൂപയുടേതാക്കി ഭേദഗതി വരുത്തുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം കല്യാശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ടി.വി.രാജേഷ് എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്യശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ടി.വി.രാജേഷ് എം.എൽ.എ യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രോജക്ട് ഐ.ഡി. 1666 പഴയങ്ങാടി ബസ് സ്റ്റാന്റിന്റെ തകർന്ന ടാറിംഗ് മാറ്റി കോൺക്രീറ്റ് ചെയ്യൽ - ഏഴോം ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിക്ക് ഒരു കോടി രൂപയും 2017-18 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും 35 ലക്ഷം രൂപയും ഉൾപ്പെടെ ആകെ അടങ്കൽ തുകയായ 135 ലക്ഷം രൂപക്ക് ഭരണാനുമതി നൽകി മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.ടി.വി.രാജേഷ് എം.എൽ എ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനിയർ. തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ. തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ
സെക്രട്ടറി, ഏഴോം ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി തിരുവനന്തപുരം
ധനകാര്യ(നോഡൽസെന്റർ-സി)വകുപ്പ്(ഫയൽ നം. 632/NC-C3/2016/Fin തീയതി 01.07.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ